(ബി) പാവൽ, വെള്ളരി, ചീര, പടവലം, കോവയ്ക്ക, വെണ്ടയ്ക്ക,കത്തിരി, വഴുതന, മുളക്, പയർ, കുമ്പളം, മത്തൻ, ചേന, ചുരയ്ക്ക, കാബേജ്, കാരറ്റ്, ബീറ്റ്റൂട്ട്, ബീൻസ്, ചേമ്പ്, ഉരുളക്കിഴങ്ങ് തുടങ്ങി വിവിധയിനം പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) സ്വയംപര്യാപ്തതയോട് അടുത്ത് വരുന്നു.

(ഇ) അതാത് സമയത്തെ നിലവിലുള്ള മാർക്കറ്റ് വിലയുമായി ബന്ധപ്പെടുത്തിയാണ് വില നിശ്ചയിക്കുന്നത്.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

ആധുനികവൽക്കരണവും ഉദാരവൽക്കരണവും ഇവയുടെ ഗുണങ്ങളും ദോഷങ്ങളും

22 (*230) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധുനികവൽക്കരണം, ഉദാരവൽക്കരണം എന്നിവമൂലം സംസ്ഥാനത്തെ കൃഷി മേഖലയ്ക്ക് എന്തെങ്കിലും ഗുണമുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) 'ഉദാരവൽക്കരണം' ആധുനികവൽക്കരണം എന്നിവകൊണ്ട് ഉണ്ടായിട്ടുള്ള ന്യൂനതകൾ ഏവ ;

(സി) ഈ ന്യൂനതകളെ നേരിടുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാന കാർഷിക മേഖലയ്ക്ക് യാതൊരു ഗുണവുമുണ്ടായിട്ടില്ല.

(ബി & സി) കേന്ദ്ര സർക്കാരിന്റെ ആധുനികവൽക്കരണം, ഉദാരവൽക്കരണം എന്നിവമൂലം സംസ്ഥാന കാർഷിക മേഖല കടുത്ത പ്രതിസന്ധിയെ നേരിടുകയാണ്. കേന്ദ്ര സർക്കാരിന്റെ 'ഉദാരവൽക്കരണം'മൂലം കാർഷികോല്പന്നങ്ങൾ ഉദാരമായി ഇറക്കുമതി ചെയ്യുന്നു. ആയതിനാൽ നമ്മുടെ കാർഷികോല്പന്നങ്ങളുടെ വിലയിൽ വലിയ തോതിൽ തകർച്ച അനുഭവപ്പെടുന്നു. നമ്മുടെ ഉല്പന്നങ്ങൾക്ക് ഡിമാന്റ് കുറയുന്നു.

കേരളത്തിലുല്പാദിപ്പിക്കുന്ന പ്രധാന കാർഷികോല്പന്നങ്ങളായ റബ്ബർ, നാളികേരം, നെല്ല് എന്നിവയെ വിലത്തകർച്ചയിൽ നിന്ന് സംസ്ഥാന സർക്കാരിന് ആകുന്ന വിധത്തിലെല്ലാം രക്ഷിക്കുവാൻ വേണ്ട നടപടികൾ കൈക്കൊണ്ടു വരുന്നു. റബ്ബർ, സംഭരണം, റബ്ബർ കയറ്റുമതി, റബ്ബർ അധിഷ്ഠിത

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായങ്ങളാരംഭിക്കൽ, താങ്ങുവില പ്രഖ്യാപിച്ച് നെല്ല് സംഭരണം, കേന്ദ്ര സർക്കാരിന്റെ താങ്ങുവിലയ്ക്ക് കൊപ്രാ സംഭരണം, നാളികേരം സംഭരിച്ച് സഹകരണ സംഘങ്ങൾ വഴി കൊപ്രയാക്കൽ, നാളികേരാധിഷ്ഠിത വ്യവസായങ്ങളാരംഭിക്കൽ തുടങ്ങി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു.

ജപ്തി നടപടി നേരിടുന്ന കർഷകരെ സംരക്ഷിക്കുന്നതിനായി നടപടി

23 (*231) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എ. കണാരൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബാങ്കുകൾ, സഹകരണ സംഘ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും കാർഷിക വായ്പ എടുത്തു കൃഷി നടത്തി വരുന്ന നാളികേരം, റബ്ബർ കൃഷിക്കാരെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും സർവ്വെ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ കാർഷികോല്പന്നങ്ങളുടെ വിലയിടിവുമൂലം കർഷകർ കടക്കെണിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ ;

(സി) ജപ്തി നടപടികളും ദുരിതവും നേരിടുന്ന സംസ്ഥാനത്തെ കർഷകരെ സംരക്ഷിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ;

(ഡി) എങ്കിൽ എന്തൊക്കെ നടപടികളെന്ന് വെളിപ്പെടുത്തുമോ ;

(ഇ) കർഷകരിൽ നിന്നും തേങ്ങ, കൊപ്ര, റബ്ബർ, എന്നിവയുടെ സംഭരണം വ്യാപിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കൃഷി വകുപ്പ് നടത്തിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) ദുരിതം അനുഭവിക്കുന്ന കർഷകരെ സഹായിക്കാനായി സർക്കാർ, കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കൊപ്രയുടെ താങ്ങുവിലയ്ക്ക് തുല്യമായ വിലയ്ക്ക് തേങ്ങയുടെ വില പ്രഖ്യാപിച്ച് തേങ്ങയും കൊപ്രയും സഹകരണ സംഘങ്ങൾ മുഖേന സംഭരണം നടത്തി വരുന്നു. റബ്ബറിനു മാർക്കറ്റ് വിലയേക്കാൾ 50 പൈസ കിലോയ്ക്ക് കൂടുതൽ നൽകി സംഭരണം തുടരുന്നു. കൂടുതൽ റബ്ബർ സംഭരിച്ച് കയറ്റുമതി ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly